# ചങ്കരൻ പിന്നേം പിന്നേം തെങ്ങേൽത്തന്നേ!

ബാബു പാലത്തും പാട്ട്



“മുതലാളിത്വം അറബിക്കടലിൽ” എന്ന് അലറിവിളിക്കുകയും
ഒരു നൂറു രൂപാ നോട്ട് കൈയ്യിൽ ഉള്ളവനെപ്പോലും “ബൂർഷ്വാ
മുതലാളി” എന്നും മറ്റും ആക്ഷേപിക്കുകയും ചെയ്തിട്ടുള്ള തൊഴിലാളി
വർഗ്ഗപ്പാർട്ടി ഇന്ന് ....................
കേരളത്തിലെ വലിയ മുതലുള്ള രാഷ്ട്രീയ പാർട്ടി ആണ്.

ഇതൊരു കമ്മ്യൂണിസ്റ്റ് സർക്കാർതന്നെയാണോ എന്ന്
ഹൈക്കോടതിപോലും ഇപ്പോൾ ചോദിക്കുന്നു.

ഇടതുപക്ഷനേതാക്കൾ,
സാധാക്കാരനുവേണ്ടി സംസാരിക്കുന്നത് തെരഞ്ഞെടുപ്പുകാലത്തുമാത്രമായി
ചുരുക്കുകയും, പണക്കാരനുവേണ്ടി പ്രവർത്തിക്കുന്നത് വിപുലമാക്കുകയും ചെയ്തു.
കു.... വയർ.... ചാണ്ടി പോലുള്ളവർ അവരുടെ മന്ത്രിസഭയിൽ കൂടിവന്നു .
പി.വി. അനവറിനെപ്പോലുള്ളവർ അവരുടെ എം.എൽ. എ മാരായി .
രവിപിള്ളയെപ്പോലുള്ളവർ അവരുടെ അഭ്യുദയകാംക്ഷികളായിമാറി .
ഇവരൊക്കെ മന്ത്രിമാർക്ക് വിരുന്നുകളും വിരിപ്പുകളും കൊടുത്തു.
പകരം കൊട്ടാരങ്ങളും കുന്നുകളും കായലുകളും കൈക്കലാക്കാൻ ശ്രമിച്ചു .

കുറെ ടീച്ചർമാരുടെയും കൃഷ്ണന്മാരുടെയും രാജന്മാരുടെയും, വായ വല്ലാതെ കീറിയ ഒരു
മണിയുടെയും മുകളിലിരുന്ന് ഒരു ശ്രീമാൻ വിജയൻ കേരളീയരെ ഭരിക്കുകയാണ്.

മുഖ്യമന്ത്രി ...........................മന്ത്രിമാരുടെ മുകളിൽ !

മുഖ്യമന്ത്രി ...........................കോടീശ്വരന്മാരുടെ കീഴിൽ !

മുഖ്യമന്ത്രിക്ക് ..........................സ്വന്തമായി ഏഴോ എട്ടോ ഉപദേശകന്മാർ !

എല്ലാവരും ചേർന്ന് മന്ത്രിസഭയിലെ “ന്ത്രി “ കളുടെ രൂപം മാറി ” ന്തി “ കളായി,
സ്വജനപക്ഷപാതം, ഭൂമി കയ്യേറ്റം, അഴിമതി തുടങ്ങിയവ “എല്ലാം എൽ. ഡി. എഫ്.
ശരിയാക്കുകയാണ്”!!

1957 മുതൽ പല തവണ കിട്ടിയിട്ടും കിട്ടിയത് പോയിട്ടും ഇതുവരെ ഇവർ പഠിച്ചിട്ടില്ല.

“അട്ടയെ പിടിച്ചു മെത്തേൽ കിടത്തിയാൽ കിടക്കില്ല” എന്ന പഴഞ്ചൊല്ലാണ് ഓർമ്മ
വരുന്നത്.
ഉ. ചാണ്ടിയും കൂട്ടരെയും മടുത്ത മലയാളികൾ അച്ചുമാമനെയും കൂട്ടരെയും വിജയിപ്പിച്ചു.
“മാമനെ” തഴഞ്ഞിട്ടു “കേമൻ” കയറി .
കേമനെയും കൂട്ടരെയും ഇറക്കേണ്ട ബാദ്ധ്യത മലയാളികൾക്കായി.
ഇനിയും ആരെ കയറ്റും??
ഇനിയുള്ളവരെ കയറ്റിയാൽ “ചക്കിനു വെച്ചത് കൊക്കിനാകും” എന്നറിയാം.
ഇപ്പോൾതന്നെ പശുവിന് വീട്ടിൽ ബെഡ് റൂം ഉണ്ടാക്കേണ്ട അവസ്ഥയാണ്.
ഭജന (ഭാരതീയ ജനതാ പ്പാർട്ടി) പ്പാർട്ടിക്കാരുടെ ഇടയിൽ “ഭോജന” പൂരമാണ്.

“അട്ടയെ പിടിച്ചു മെത്തേൽ കിടത്തിയാൽ കിടക്കില്ല”,“ചക്കിനു വെച്ചത് കൊക്കിനും ”
കൊള്ളും” എന്നൊക്കെയറിയാവുന്ന കേരളീയർക്ക്, “ഗതി കേട്ടാൽ പുലി പുല്ലും തിന്നും”
എന്നും“എലിയെ പേടിച്ച് ഇല്ലം ചുടരുത്” എന്നും അറിയാം.
ഇത്തരം കുറെ പഴഞ്ചൊല്ലുകൾക്കിടയിൽ കിടന്ന് എന്നും കേരളീയരും കേരള
മന്ത്രിസഭകളും ........“ചങ്കരൻ പിന്നേം പിന്നേം തെങ്ങേൽത്തന്നെ”.

പ്രത്യേകിച്ച്, .............................“കമ്മ്യൂകൾ”

*******